## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നിട്ട ചോദ്യം നമ്പർ. 193      4.10.2011-ൽ മറുപടിക്ക്.

### സംസ്ഥാനത്തെ റെയിൽവേ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ റെയിൽവേ വികസനത്തിനുവേണ്ടി എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (എ) | പാലക്കാട് റയിൽ കോച്ച് ഫാക്ടറിയുടെ തറക്കല്ലിടീൽ ചടങ്ങ് 22/10/2011 ന് നടത്താൻ തീരുമാനിക്കുകയും, ചേർത്തല വാഗൺ ഫാക്ടറിയുടെ കാര്യത്തിൽ തീരുമാനം ഉടനെടുക്കുമെന്നും പ്രത്യേക റെയിൽവേ സോൺ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നതായും തിരുവനന്തപുരത്ത് ഒരു സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുമെന്നും, തിരുവനന്തപുരം - കന്യാകുമാരി വൈദ്യുതീകരണം 2011 ഡിസംബർ 31 ഓട് കൂടി പൂർത്തിയാക്കുമെന്നും നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് ട്രെയിൻ 23-10-2011 ന് ഉദ്ഘാടനം ചെയ്യുമെന്നും 2011 ഒക്ടോബർ അവസാനത്തോടെ മംഗലാപുരം - പാലക്കാട് പ്രതിദിന ഇന്റർസിറ്റി ട്രെയിൻ ഓടി തുടങ്ങുമെന്നും, കന്യാകുമാരി ഡിബ്രൂഗർഗ് എക്സ്പ്രസ് ട്രെയിനും തയ്യാറാണെന്നും, തിരക്കുള്ള |

| | | | |
|---|---|---|---|
| | | | സമയത്ത് സ്ത്രീകൾക്കുള്ള ട്രെയിനുകൾ ലഭ്യമാക്കുമെന്നും ട്രെയിനുകളിൽ സുരക്ഷാ സംവിധാനം നടപ്പിലാക്കുന്നതിന് മുൻഗണന നൽകുമെന്നും, തലശ്ശേരി മൈസൂർ റയിൽവേ ലൈനിന് ഏത് മാതൃക അവലംബിക്കണമെന്ന തീരുമാനം കേന്ദ്ര റയിൽവേ സഹമന്ത്രിയും റയിൽവേ ബോർഡ് ചെയർമാനുമായി ന്യൂഡൽഹിയിൽ വച്ച് ബഹു: കേന്ദ്ര റയിൽ മന്ത്രി ചർച്ച ചെയ്തു തീരുമാനിക്കുമെന്നും. ട്രെയിനുകൾക്ക് ഇനിയും സ്റ്റോപ്പുകൾ അനുവദിക്കുന്നതിനെ കുറിച്ച് ഒരു സമവായത്തിലെത്തുവാൻ ചർച്ചകൾ നടത്തുമെന്നും അങ്കമാലി ശബരി റയിൽവേ ലൈനിനുള്ള സ്ഥലമെടുപ്പിന് FTP രീതി അവലംബിക്കുന്നത് സംബന്ധിച്ച് അനുയോജ്യമായ ഒരു തീരുമാനം ബഹു കേന്ദ്ര റയിൽവേ മന്ത്രി റയിൽവേ ബോർഡ് അംഗങ്ങളുമായി ചർച്ച ചെയ്ത് എടുക്കുമെന്നും, വർക്കലയിൽ ശിവഗിരിയിലെ തീർത്ഥാടനകാലത്ത് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുമെന്നും. കോട്ടയം റെയിൽവേ സ്റ്റേഷനിൽ തീർത്ഥയാത്രക്കാർക്കുള്ള ഷെൽട്ടർ നിർമ്മിക്കുമെന്നും. PPP മാതൃകയിൽ റയിൽവേ സ്റ്റേഷനുകൾ വേൾഡ് ക്ലാസ്സായി ഉയർത്താവുന്നതാണെന്നും. അധികമായി കോച്ചുകളും ട്രെയിനുകൾക്ക് സ്റ്റോപ്പുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്നും സ്റ്റേഷനുകളുടെ നിലവാരം ഉയർത്തൽ. യാത്രക്കാർക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ ചെയ്യുവാൻ ലഭ്യമായ ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നും റയിൽവേ തീർച്ചയായും |

| | | | |
|---|---|---|---|
| | | | ശ്രമിക്കുമെന്നും മാവേലിക്കര ചെങ്ങന്നൂർ റയിൽപ്പാതയുടെ ഇരട്ടിപ്പിക്കൽ 31.3.2012 ൽ പൂർത്തിയാക്കുമെന്നും. കായംകുളം ഹരിപ്പാട് റയിൽപ്പാത ഇരട്ടിപ്പിച്ച് 2011 ഒക്ടോബർ മാസത്തിൽ കമ്മീഷൻ ചെയ്യുമെന്നും. 2012 ജനുവരി മാസം ഹരിപ്പാട് അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കൽ പണി തുടങ്ങുമെന്നും. മംഗലാപുരം ഷൊർണൂർ പാത ഇരട്ടിപ്പിക്കൽ 2012 ജനുവരിയോടെ പൂർത്തിയാക്കുമെന്നും. ഷൊർണൂർ - കണ്ണൂർ റയിൽപാതയുടെ വൈദ്യുതീകരണം 2013 മാർച്ച് മാസം പൂർത്തിയാക്കുമെന്നും. കണ്ണൂർ മംഗലാപുരം റയിൽപാതയുടെ വൈദ്യുതീകരണം 2014 മാർച്ച് മാസം പൂർത്തിയാക്കുമെന്നും. തിരുവനന്തപുരം - കന്യാകുമാരി റയിൽപാതയുടെ വൈദ്യുതീകരണം 2011 ഡിസംബർ 31 ഓടു കൂടി പൂർത്തിയാക്കുമെന്നും. 2014 അവസാനത്തോടുകൂടിയോ 2015 ആദ്യമോ പുനലൂർ- ചെങ്കോട്ട റയിൽ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കുമെന്നും, പൊള്ളാച്ചി പാലക്കാട് റയിൽ പാതയുടെ ഗേജ് മാറ്റം 31.3.2012 ന് പൂർത്തിയാക്കുമെന്നും. ഒരു മെമു റേക്ക് 2011 ഒക്ടോബറിൽ തന്നെ അനുവദിക്കുമെന്നും, മെമു റേക്ക്സിനെ സംബന്ധിച്ച് പാർലമെന്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെല്ലാം കപൂർത്തലയിലെ കോച്ച് നിർമ്മാണ ഫാക്ടറിയിൽ നിന്ന് അവശ്യമായ റേക്കുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കുമെന്നും ഈ വർഷം പ്രഖ്യാപിക്കപ്പെട്ട റയിൽപ്പാതകളുടെ |

| | | | |
|---|---|---|---|
| | | | സർവ്വേ അടുത്ത കൊല്ലം പൂർത്തിയാക്കുമെന്നും , അങ്കമാലി കാലടി റയിൽ പാതയുടെ പണി 30.6.2012 ഓടെ പൂർത്തിയാക്കുമെന്നും, റയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ ട്രെയിനുകളും ആരംഭിക്കുന്നതിന് എല്ലാ നടപടിയും എടുക്കുമെന്നും, സംസ്ഥാന സർക്കാർ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് റയിൽവേ റിസർവേഷൻ കൗണ്ടറുകൾ തുടങ്ങുമെന്നും, തിരുവനന്തപുരം സെക്രട്ടേറിയേറ്റിൽ ഒരു റിസർവേഷൻ കൗണ്ടർ സ്ഥലവും, ഉദ്യോഗസ്ഥരേയും ലഭ്യമാക്കിയാൽ തുടങ്ങുമെന്നും മറ്റുമാണ് 19.9.2011 ന് കേന്ദ്ര റയിൽവേ മന്ത്രി കേരള മുഖ്യമന്ത്രിയുമായി നടന്ന യോഗത്തിൽ തീരുമാനിച്ചത്. |
| (ബി) | റെയിൽവേ വികസനത്തിനുള്ള പ്രവർത്തനങ്ങൾക്കു മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | റെയിൽവേ കോച്ച് ഫാക്ടറി പ്രോജക്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (സി) | 2008-2009-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് പാലക്കാട് റെയിൽ കോച്ച് ഫാക്ടറി. ഇതിനായി ആവശ്യമുള്ള 430.59 ഏക്കർ ഭൂമി 01.02.2010-ലെ ജി.ഒ.(എം.എസ്) നം. 8/ 2010/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിൽ 92.75 ഏക്കർ നിക്ഷിപ്ത വനഭൂമി ഡീവെസ്റ്റ് ചെയ്യുവാൻ നടപടി പുരോഗമിച്ചു വരുന്നു. 1.32 ഏക്കർ ഭൂമിയെ സംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ട്. ബാക്കി ഭൂമി റെയിൽവേക്ക് നൽകുവാൻ തയ്യാറാണ്. റെയിൽ കോച്ച് ഫാക്ടറി പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥതയിലായിരിക്കുമെന്ന അനുമാനത്തിൽ ആവശ്യമായ ഭൂമി സൗജന്യമായി നൽകുവാനായിരുന്ന തുടക്കത്തിൽ സർക്കാർ തീരുമാനിച്ചത്.<br><br>തുടർന്ന് പല ഘട്ടത്തിലായി പദ്ധതി നടത്തിപ്പിനെക്കുറിച്ച് കേന്ദ്ര സർക്കാർ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പരിശോധിക്കുകയും താഴെപ്പറയുന്ന കാര്യങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.<br>1) റെയിൽ കോച്ച് ഫാക്ടറി ഒരു പൊതുമേഖലാ സ്ഥാപനമായിരിക്കണമെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നതെന്നും ഭാവിയിൽ പദ്ധതി ഒരു 'ജോയിന്റ് വെഞ്ച്വർ' ആയി മാറ്റണമെന്ന സാഹചര്യം വരുകയാണെങ്കിൽ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്ന ഭൂമിയുടെ വില ഫാക്ടറിയിലെ മുതൽ മുടക്കിൽ സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാക്കണമെന്ന നിബന്ധനയോടെ കേന്ദ്ര സർക്കാർ ഉന്നയിച്ച കാതലായ സവിശേഷതകളോട് സംസ്ഥാന സർക്കാർ യോജിക്കുന്നതായും.<br>2) പദ്ധതി ഒരു സർക്കാർ പൊതുമേഖലാ സ്ഥാപനവുമായിട്ടുള്ള സംയുക്ത സംരംഭമായി ആണ് നടപ്പിലാക്കുന്നതെങ്കിൽ 60.6345 കോടി രൂപ കമ്പോള വിലയുള്ള ടി ഭൂമിയുടെ കമ്പോളവിലയുടെ 4% വാർഷിക പാട്ടവാടകയായി. പത്ത് കൊല്ലത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥയോടെ. ടി ഭൂമി കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് സമ്മതമാണെന്നും 3) സംയുക്തസംരംഭത്തിൽ സ്വകാര്യ പങ്കാളിയാണെങ്കിൽ പാട്ടത്തിന് നൽകുന്ന ഭൂമി സംയുക്ത സംരംഭത്തിന് കീഴ്പാട്ട ത്തിന് നൽകുന്നതിനുള്ള സ്വാതന്ത്ര്യ ത്തോടെ പാട്ടം തുടങ്ങി 10 കൊല്ലത്തിലൊരിക്കൽ പുതുക്കണ മെന്ന വ്യവസ്ഥയോടെ ഭൂമിയുടെ വിലയായ 60.6345 കോടി രൂപയുടെ 8% വാർഷിക പാട്ടവാടകയായി 90 വർഷത്തേയ്ക്ക് ടി ഭൂമി റയിൽവേ മന്ത്രാലയത്തിന് നൽകുന്നതിന് സമ്മതമാണെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br>19.9.2011 -ൽ കേന്ദ്ര റയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, തിരുവനന്തപുരത്ത് വച്ച് നടത്തിയ യോഗത്തിൽ പാലക്കാട് റയിൽ കോച്ച് ഫാക്ടറി യുടെ ശിലാസ്ഥാപനം 22.10.2011 ന് നടത്തുവാൻ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഏതെല്ലാം ട്രെയിനു കളുടെ കാര്യത്തിലാണ് തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | 19.9.2011 ന് കേന്ദ്ര റയിൽവേ മന്ത്രി കേരള മുഖ്യമന്ത്രിയുമായി നടന്ന യോഗത്തിൽ റയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ ട്രെയിനുകളും ആരംഭിക്കുന്നതിന് എല്ലാ നടപടിയും എടുക്കുമെന്ന് റയിൽവേ ബോർഡ് ചെയർമാൻ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ